## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1143** 31.10.2019-ൽ മറുപടിക്ക്

**പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. കെ.ജെ.മാക്സി** | **ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) പൊതുമരാമത്ത് പ്രവൃത്തികൾക്ക് കാലപരിധി നിശ്ചയിക്കുന്നതിന് ഈ സർക്കാർ എന്ത് നടപടി സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) പൊതുമരാമത്ത് പ്രവൃത്തികൾക്ക് കാലപരിധി നിശ്ചയിക്കുന്നതിന് 31.08.2013-ലെ സ.ഉ(കൈ) നം.73/2013/പൊ.മ.വ പ്രകാരം മാനദണ്ഡങ്ങൾ നിലവിലുണ്ട്. ഇതിൻപ്രകാരമാണ് പ്രവൃത്തികൾ ടെണ്ടർ ചെയ്ത് നടപ്പിലാക്കുന്നത്. |
| (ബി) നിശ്ചിത കാലപരിധിക്കുള്ളിൽ തകരാറിലായാൽ ബന്ധപ്പെട്ട പ്രവൃത്തി നടത്തിയവരെയും നേതൃത്വം നൽകിയ ഉദ്യോഗസ്ഥരെയും കണ്ടെത്തി ശിക്ഷാനടപടികൾ കൈക്കൊള്ളുന്നതിനും കുറ്റക്കാരിൽനിന്നും പുനർ നിർമ്മാണത്തിന് ആവശ്യമായ തുക കണ്ടെത്തുന്നതിനുമായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) നിശ്ചിത കാലപരിധിക്കുള്ളിൽ തകരാറിലായാൽ ബന്ധപ്പെട്ട പ്രവൃത്തി കരാറുകാരൻ സ്വന്തം ചെലവിൽ തകരാർ പരിഹരിക്കേണ്ടതാണ്. ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തുന്നപക്ഷം കരാറുകാരന്റെ രജിസ്ട്രേഷൻ റദ്ദാക്കി കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നു. ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ച കണ്ടെത്തുന്ന പക്ഷം അവർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (സി) ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ പൊതുമരാമത്ത് വകുപ്പിൽ ഉദ്യോഗസ്ഥരും കരാറുകാരും ചേർന്ന് നടത്തിയ ക്രമക്കേടുകളുടെ എണ്ണം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ അറിയിക്കാമോ; | (സി) ചുവടെ ചേർക്കുന്ന പ്രവൃത്തികളിൽ ഇത്തരം ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്.<br>1. ആർ/പി 15-16 - ഇടപ്പള്ളി - മൂവ്വാറ്റുപുഴ റോഡിൽ – 8/000-നും 8/950-നും ഇടയ്ക്കുള്ള ഭാഗം 20 എം.എം ചിപ്പിംഗ് കാർപ്പറ്റ് ഉപയോഗിച്ചുള്ള ഉപരിതല നവീകരണം.<br>2. ആർ/പി 15-16 - ഇടപ്പള്ളി - മൂവ്വാറ്റുപുഴ റോഡിൽ – 9/210-നും 10/000-നും ഇടയ്ക്കുള്ള ഭാഗം 20 എം.എം ചിപ്പിംഗ് കാർപ്പറ്റ് ഉപയോഗിച്ചുള്ള ഉപരിതല നവീകരണം. |

3. ആർ/പി 15-16 - ഇടപ്പള്ളി - മൂവ്വാറ്റുപുഴ റോഡിൽ – 10/150-നും 11/020-നും ഇടയ്ക്കുള്ള ഭാഗം 20 എം.എം ചിപ്പിംഗ് കാർപ്പറ്റ് ഉപയോഗിച്ചുള്ള ഉപരിതല നവീകരണം.
4. ഇടുക്കി - നാലുമുക്ക് റോഡിന്റെ വീതി കൂട്ടൽ.

| | | | |
|---|---|---|---|
| (ഡി) | ഇതുമായി ബന്ധപ്പെട്ട് എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചുവെന്നും എത്ര കരാറുകാരുടെ ലൈസൻസ് റദ്ദാക്കിയെന്നും കരാറുകാരിൽ നിന്നും എത്ര തുക പിഴയിനത്തിൽ ഈടാക്കിയെന്നും വിശദമാക്കുമോ? | (ഡി) | മേൽപ്പറഞ്ഞ 1, 2, 3 പ്രവൃത്തികളുടെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. 4ാമത്തെ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്കനടപടികൾ സ്വീകരിച്ചിട്ടുണ്ട്. കരാറുകാരനെ ബ്ലാക്ക്‌ലിസ്റ്റ് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ